10
2024
ജൂൺ
ബുധൻ
മിഥുനം 26

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-5, Issue No.217 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-216 | പേജ് 4. വില 2.00 രൂപ




02 ഇഡി പിടിച്ചെടുത്തതെല്ലാം ക്രൈംബ്രാഞ്ചിനു നൽകണം

03 കേരള കർണ്ണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനം പാടില്ലെന്ന് നിർദേശം

04 കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ അമാന്തം അരുത്: മുഖ്യമന്ത്രി പിണറായി വിജയൻ

## പി.എസ്.സി. കോഴ ആരോപണം

# പൂർണസജ്ജമായി വിഴിഞ്ഞം തുറമുഖം

- ട്രയൽ റൺ 12 ന്;
- മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും
- സെപ്തംബർ ഒക്ടോബർ മാസം കമ്മീഷൻ ചെയ്യും

തിരുവനന്തപുരം : കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം തുറമുഖം യാഥാർഥ്യമായിരിക്കുന്നുവെന്നും ട്രയൽ ഓപ്പറേഷൻ 2024 ജൂലൈ 12 ന് ആരംഭിക്കുമെന്നും തുറമുഖ മന്ത്രി വി. എൻ. വാസവൻ അറിയിച്ചു. അത്യാധുനിക ഉപകരണങ്ങളും അത്യാധുനിക ഓട്ടമേഷൻ, ഐടി സംവിധാനങ്ങളും ഉള്ള ഇന്ത്യയിലെ ആദ്യത്തേ സെമി ഓട്ടമേറ്റഡ് തുറമുഖമായ വിഴിഞ്ഞം 2024 സെപ്റ്റംബറിലോ ഒക്ടോബറിലോ കമ്മിഷൻ ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

ജൂലൈ 12ന് നടക്കുന്ന ചടങ്ങിൽ ആദ്യത്തെ കണ്ടെയ്നർ കപ്പൽ 'സാൻ ഫെർണാണ്ടോ'യെ മുഖ്യമന്ത്രി പിണറായി വിജയൻ സ്വീകരിക്കും. രാവിലെ 10ന് നടക്കുന്ന ചടങ്ങിൽ കേന്ദ്ര ഷിപ്പിങ് മന്ത്രി സർബാനന്ദ സോണോവാൽ പങ്കെടുക്കും. ജൂലൈ 12ന് ആരംഭിക്കുന്ന ട്രയൽ ഓപ്പറേഷൻ 2 മുതൽ 3 മാസം വരെ തുടരും. ട്രയൽ ഓപ്പറേഷൻ സമയത്ത്, തുറമുഖം വലിയ കപ്പലുകളുടെ പ്രവേശനത്തിന് സാക്ഷ്യം വഹിക്കും. ട്രയൽ റൺ പ്രവർത്തനം തുടങ്ങി ഏതാനും ആഴ്ചകൾക്കുള്ളിൽ, 400 മീറ്റർ നീളമുള്ള വലിയ കണ്ടെയ്നർ കപ്പൽ തുറമുഖത്തേക്ക് എത്തും. തുറമുഖത്തിന്റെ പൂർണതോതിലുള്ള കമ്മിഷനിങ് സെപ്റ്റംബർ/ഒക്ടോബർ മാസങ്ങളിൽ നടത്താനാകുമെന്നാണ് പ്രതീക്ഷ.

ലോകത്തെ മുൻനിര ഷിപ്പിങ് കമ്പനികൾ പിന്നാലെ എത്തും. വലിയ കപ്പലുകൾ തുറമുഖത്ത് കണ്ടയ്നർ ഇറക്കിയശേഷം തുറമുഖം വിട്ടുപോകും. പിന്നീട് ചെറിയ കപ്പലുകൾ വിഴിഞ്ഞത്ത് എത്തി ഈ കണ്ടെയ്നറുകൾ വിദേശത്തേക്കും രാജ്യത്തിന്റെ വിവിധ തുറമുഖങ്ങളിലേക്കും കൊണ്ടുപോകും. ഇതോടെ വിഴിഞ്ഞം തുറമുഖത്ത് ട്രാൻസ്ഷിപ്മെന്റ് പൂർണതോതിൽ നടക്കുമെന്നും മന്ത്രി പറഞ്ഞു.

വാണിജ്യ കപ്പലുകൾ കൈകാര്യം ചെയ്യുന്നതിനായി വിഴിഞ്ഞം തുറമുഖത്തിന് താൽക്കാലിക എൻഎസ്പിസി ക്ലിയറൻസ് 2024 ജൂലൈ 2ന് ലഭിച്ചു, 2024 സെപ്റ്റംബർ 30 വരെയാണ് കാലാവധി. കപ്പലുകളുടെയും തുറമുഖ സൗകര്യങ്ങളുടെയും (ഐഎസ്പിഎസ് കോഡ്) സുരക്ഷയ്ക്കായി പോർട്ട് ഫെസിലിറ്റി ഇന്റർനാഷനൽ കോഡ് 2024 ഏപ്രിൽ 2ന് ലഭിച്ചു. വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തെ കസ്റ്റംസ് തുറമുഖമായി അംഗീകരിക്കുന്ന രേഖ 2024 ജൂൺ 15നാണ് ലഭിച്ചത്. തുടർന്ന് തുറമുഖത്തിന്റെ ലൊക്കേഷൻ കോഡ് ജൂൺ 21ന് ലഭിച്ചു. ലാൻഡിങ് സ്ഥലത്തിന്റെ അംഗീകാരത്തിനും സെക്ഷൻ 8 പ്രകാരം കസ്റ്റംസ് ഏരിയയുടെ പരിധി വ്യക്തമാക്കുന്നതിനുമുള്ള സർട്ടിഫിക്കറ്റ് ജൂൺ 24ന് ലഭിച്ചു. 1962ലെ കസ്റ്റംസ് ആക്ടിന്റെ സെക്ഷൻ 45 പ്രകാരം കസ്റ്റംസ് ഏരിയാ റെഗുലേഷൻസ്, 2009 ലെ ചരക്ക് കൈകാര്യം ചെയ്യുന്നതിന്റെ റെഗുലേഷൻ 5 പ്രകാരം കാസ്റ്റോഡിയൻഷിപ്പ് ജൂൺ 24ന് ലഭിച്ചു. ഇലക്ട്രോണിക് ഡാറ്റ ഇന്റർചേഞ്ച് കസ്റ്റോഡിയൻ കോഡ് അംഗീകാരത്തിനായി കാത്തിരിക്കുന്നു. ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് (ഐസിപി) ക്ലിയറൻസിനായി കാത്തിരിക്കുന്നുവെന്നും മന്ത്രി അറിയിച്ചു.



### ഫിഷറീസ് ഓഫീസുകളും, ബന്ധപ്പെടേണ്ട ഫോൺ നമ്പരുകളും

| | |
|---|---|
| പൂവാർ | 9497715512 |
| പള്ളം | 9497715513 |
| വിഴിഞ്ഞം | 9497715514 |
| വലിയതുറ | 9497715515 |
| വെട്ടുകാട് | 9497715516 |
| പുത്തൻതോപ്പ് | 9497715517 |
| കായിക്കര | 9497715518 |
| ചിലക്കൂർ | 9497715519 |
| മയ്യനാട് | 9497715521 |
| തങ്കശ്ശേരി | 9497715522 |
| നീണ്ടകര | 9497715523 |
| ചെറിയഴീക്കൽ | 9497715524 |
| കുഴിത്തുറ | 9497715525 |
| കെ.എസ്.പുരം | 9497715526 |
| പടപ്പക്കര | 9497715527 |



## നിരപരാധികളായ കുഞ്ഞുങ്ങൾ കൊല്ലപ്പെടുന്നത് ഹൃദയഭേദകം, സമാധാനം പുനഃസ്ഥാപിക്കണം; പുതിനോട് മോദി

മോസ്കോ: നിരപരാധികളായ കുഞ്ഞുങ്ങൾ കൊല്ലപ്പെടുന്നത് ഹൃദയഭേദകമാണെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുതിനോട് പ്രധാനമന്ത്രി നരേന്ദ്രമോദി. കീവിലെ കുട്ടികളുടെ ആശുപത്രി റഷ്യൻ ആക്രമണത്തിൽ തകർന്നതായി റിപ്പോർട്ടുകൾ പുറത്തുവരുന്നതിനിടയിലാണ് മോദി ആശങ്ക അറിയിച്ചത്.

യുദ്ധമായാലും ഭീകരാക്രമണമായാലും മനുഷ്യരുടെ ജീവൻ നഷ്ടപ്പെടുന്നത് മാനവികതയിൽ വിശ്വസിക്കുന്ന ഓരോരുത്തർക്കും വേദനാജനകമാണ്. എന്നാൽ, കുഞ്ഞുങ്ങൾ കൊല്ലപ്പെടുന്നത് കാണുന്നത് അത് ഹൃദയഭേദകമാണ്. ആ വേദന വളരെ വലുതാണ്. ഇതിനെക്കുറിച്ച് നാം മുമ്പും ചർച്ച നടത്തിയിട്ടുണ്ട്.

യുദ്ധത്തെക്കുറിച്ച് തുറന്ന മനസ്സോടെ ചർച്ച ചെയ്യാൻ കഴിയുന്നതിൻ സന്തോഷമുണ്ട്. സമാധാനമാണ് പ്രധാനമെന്ന് ഒരു സുഹൃത്തെന്ന നിലയിൽ പുതിനോട് പറഞ്ഞിട്ടുണ്ട്. എന്നാൽ, യുദ്ധക്കളത്തിൽ പരിഹാരങ്ങൾ സാധ്യമല്ലെന്ന് താൻ മനസ്സിലാക്കുന്നു. ബോംബുകൾക്കും തോക്കുകൾക്കുമിടയിൽ സമാധാന ചർച്ചകൾ വിജയിക്കില്ല. ചർച്ചകളിലൂടെ മാത്രമേ സമാധാനത്തിലേക്ക് എത്തിച്ചേരാനാകൂവെന്നും മോദി പറഞ്ഞു.

സമാധാനം പുനഃസ്ഥാപിക്കുന്നതിന് ഏതുവിധത്തിലും സഹകരിക്കാൻ ഇന്ത്യ തയ്യാറാണ്. സമാധാനത്തിന് അനുകൂലമായാണ് രാജ്യം നിലകൊള്ളുന്നതെന്ന് ലോകസമൂഹത്തിന് ഉറപ്പുനൽകുന്നു. സമാധാന ചർച്ചകളെക്കുറിച്ച് പുതിൻ പറഞ്ഞ വാക്കുകൾ പ്രതീക്ഷ നൽകുന്നതായും മോദി കൂട്ടിച്ചേർത്തു.

## ലൈഫ് പദ്ധതി : 2020ലെ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം

നെയ്യാറ്റിൻകര : നഗരസഭയിലെ ലൈഫ് 2020 ലെ അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതരായ മുഴുവൻ പേർക്കും ഭവനം നിർമ്മിക്കുവാനായി ആനുകൂല്യം നൽകുന്ന നടപടികളുമായി നഗരസഭ മുന്നോട്ടു പോവുകയാണെന്ന് ചെയർമാൻ പി.കെ രാജമോഹനൻ അറിയിച്ചു.

960 പേരടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിലവിൽ 283 പേർക്ക് ഈ വർഷം എഗ്രിമെന്റ് പ്രകാരം ഒന്നും രണ്ടും മൂന്നും ഗഡുക്കളായുള്ള തുക ഇതിനോടകം കൈമാറി കഴിഞ്ഞു. ശേഷിക്കുന്ന അർഹരായ മുഴുവൻ പേർക്കും ഭവന നിർമ്മാണത്തിനായുള്ള ആനുകൂല്യം നൽകുന്നതിന് 11 മുതൽ എഗ്രിമെൻറ് നടപടികൾ തുടങ്ങുകയാണെന്നും നഗരസഭ ചെയർമാൻ അറിയിച്ചു.

ഹഡ്കോ യിൽ നിന്നും 10 കോടി രൂപ ഇതിനുവേണ്ടി വായ്പ എടുത്തതായും സർക്കാർ അനുമതി ലഭിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു. ഒരാഴ്ചയ്ക്കുള്ളിൽ വായ്പ തുക നഗരസഭയ്ക്ക് ലഭിക്കും. ഭൂരഹിത ഭാവനരഹിതരായിട്ടുള്ള കുറച്ചു ഗുണഭോക്താക്കൾക്ക് ഈ വർഷം തന്നെ ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ചു നൽകുന്നതിന് വേണ്ട നടപടികളും നഗരസഭ ഇതിനോടകം സ്വീകരിച്ചിട്ടുണ്ടെന്നും നഗരസഭ ചെയർമാൻ പി.കെ രാജമോഹനൻ അറിയിച്ചു.

## ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ പുതിയ പരിശീലകനായി ഗൗതം ഗംഭീർ

ന്യൂഡൽഹി: ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ പുതിയ പരിശീലകനായി ഗൗതം ഗംഭീറിനെ നിയമിച്ചു. സമൂഹ മാധ്യമമായ എക്സിലൂടെ ബി. സി. സി. ഐ സെക്രട്ടറി ജയ് ഷാ യാണ് പ്രഖ്യാപനം നടത്തിയത്. ടണ്ടി20 ലോകകപ്പിനുശേഷം രാഹുൽ ദ്രാവിഡ് ഒഴിയുന്ന സാഹചര്യത്തിലാണ് പുതിയ കോച്ചിനെ തിരഞ്ഞെടുത്തത്. നേരത്തേ ഗംഭീറുമായി ബി. സി. സി. ഐ. യുടെ ക്രിക്കറ്റ് ഉപദേശകസമിതി അംഗങ്ങൾ അഭിമുഖം നടത്തിയിരുന്നു.

മൂന്നരവർഷത്തേക്കാണ് പുതിയ കോച്ചിന്റെ നിയമനം. 2027ൽ നടക്കുന്ന ഏകദിന ക്രിക്കറ്റ് ലോകകപ്പു വരെയാകും കാലാവധി. മൂന്നു ഫോർമാറ്റിലും ഒരു കോച്ചാകും. 58 ടെസ്റ്റിൽ 104 ഇന്നിങ്സിൽനിന്ന് 4154 റൺസും 147 ഏകദിനത്തിൽനിന്ന് 5238 റൺസും 37 ടി20യിൽ നിന്ന് 932 റൺസും ഗംഭീർ നേടിയിട്ടുണ്ട്.



കേരള നിയമസഭ മീഡിയ ആൻഡ് പാർലമെന്റ് സ്റ്റഡീസും സംസ്ഥാന പരിസ്ഥിതി വകുപ്പും യൂണിസെഫും സംയുക്തമായി നിയമസഭ സാമാജികർക്കായി സംഘടിപ്പിച്ച ഇന്ററാക്ടീവ് സെഷൻ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു



# നിയമം കാറ്റിൽപറത്തി യാത്ര: ആകാശ് തില്ലങ്കേരിക്കെതിരെ കേസെടുക്കാൻ ഹൈക്കോടതി

കൊച്ചി: നിയമം ലംഘിച്ചുള്ള ആകാശ് തില്ലങ്കേരിയുടെ ജീപ്പ് യാത്രയിൽ രൂക്ഷവിമർശനവുമായി ഹൈക്കോടതി. നിയമം ലംഘിച്ച് ജീപ്പ് യാത്ര നടത്തിയത് നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയാണ്.

പൊതുസ്ഥലത്ത് ഉണ്ടാകാൻപോലും പാടില്ലാത്ത വാഹനം ഓടിച്ചതിനെതിരേ സ്വമേധയാ കേസെടുക്കുമെന്നും ജസ്റ്റീസ് അനിൽ കെ. നരേന്ദ്രൻ, ജസ്റ്റീസ് ഹരിശങ്കർ വി. മേനോൻ എന്നിവരുടെ ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

സംസ്ഥാനത്ത് വാഹനങ്ങളുടെ നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട് ഹൈക്കോടതി സ്വമേധയാ ഒരു കേസ് നേരത്തെ എടുത്തിരുന്നു. ഈ കേസ് പരിഗണിക്കവെയാണ് ആകാശ് തില്ലങ്കേരിയുടെ നിയമലംഘനം പരിശോധിച്ചത്. ദൃശ്യങ്ങൾ പലതവണ പരിശോധിച്ചശേഷമായിരുന്നു കോടതിയുടെ വിമർശനം.

ഇത്തരം വീഡിയോകൾ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നു. യൂട്യൂബും മറ്റു സാമൂഹ്യ മാധ്യമങ്ങളും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണം. ഇത്തരം വീഡിയോകൾ പ്രചരിപ്പിക്കുന്നതും കുറ്റകരമാണെന്നും കോടതി നിരീക്ഷിച്ചു.സ്റ്റേറ്റ് ബോർഡ് വെച്ച് ഓടിയ കേരള മിനറൽ ആൻഡ് മെറ്റൽസ് എംഡിയുടെ വാഹനത്തിനെതിരെ നടപടിയെടുക്കാനും ഹൈക്കോടതി നിർദേശം നൽകി. കോഴിക്കോട്ട് വിദ്യാർഥിനികളെ സീബ്രാലൈനിൽ സ്വകാര്യ ബസിടിച്ച സംഭവത്തിലും ഹൈക്കോടതി സ്വമേധയാ കേസെടുത്തു. കൂടാതെ നടപ്പാതകൾ കൈയേറി വാഹനം പാർക്ക് ചെയ്യുന്ന പ്രവണത കൂടി വരികയാണെന്നും ഇക്കാര്യങ്ങളിൽ കൃത്യമായ നടപടി വേണമെന്നും ഡിവിഷൻ ബെഞ്ച് ആവശ്യപ്പെട്ടു.

വയനാട് ജില്ലയിലെ പനമരത്ത് കഴിഞ്ഞ ദിവസമാണ് ആകാശ് തില്ലങ്കേരി ജീപ്പ് യാത്ര നടത്തിയത്. മലപ്പുറം സ്വദേശിയുടെ ഉടമസ്ഥതയിലുള്ള വാഹനമാണിത്. യാത്രയുടെ വിഡിയോ ആകാശ് സമൂഹമാധ്യമത്തിൽ പങ്കുവച്ചതോടെയാണ് വിവാദം ഉയർന്നത്.

ആകാശ് തില്ലങ്കേരി ഓടിച്ച ജീപ്പിൻറെ ആർസി സസ്പെൻഡ് ചെയ്യാൻ മോട്ടോർ വാഹന വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്. രൂപമാറ്റം അടക്കമുള്ള നിയമലംഘനങ്ങൾക്കു നേരത്തെ മൂന്ന് തവണ വാഹനത്തിനെതിരെ കേസെടുത്തിരുന്നു. വീണ്ടും നിയമം ലംഘിച്ചതോടെയാണ് ആർസി സസ്പെൻഡ് ചെയ്യാനുള്ള നീക്കം.

# കാറിനുള്ളിൽ കുടുങ്ങിയ കുരുന്നിന് രക്ഷകരായി അഗ്നിരക്ഷാസേന

വിഴിഞ്ഞം: കാറിനുള്ളിൽ കുടുങ്ങിയ രണ്ടര വയസുകാരനു ഫയർഫോഴ്സ് രക്ഷകരായി. അരമണിക്കൂറോളം നീണ്ട പരിശ്രമത്തിനൊടുവിൽ പരിക്ക് കൂടാതെ കുട്ടിയെ കാറിൽ നിന്നു പുറത്തെടുത്തു.

വിഴിഞ്ഞം വെങ്ങാനൂർ രോഹിണി ഭവനിൽ നന്ദുവിൻറെ മകൻ ആരവാണ് വീട്ടുകാരെയും നാട്ടുകാരെയും മുൾമുനയിൽ നിർത്തിയത്. കാറിൻറെ താക്കോലുമായി ഉള്ളിൽ കയറിയ കുട്ടി കളിക്കുന്നതിനിടയിൽ ഏതോ ബട്ടൺ അബദ്ധത്തിൽ അമർന്നതോടെ ലോക്കാവുകയായി രുന്നു. വാതിൽ തുറക്കാനുള്ള ശ്രമം പരാജയമായതോടെ വീട്ടുകാർ പരിഭ്രാന്തിയിലായി.

പൂർണമായി ഗ്ലാസിട്ട കാറിനു ള്ളിൽ വായു സഞ്ചാരം കുറയുമെന്നതും കുട്ടിയെ ബാധിക്കുമെന്നതുമുള്ള തിരിച്ചറിവ് ആശങ്കയ്ക്കു ശക്തി കൂട്ടി. പുറത്ത് നടക്കുന്ന ആരവങ്ങൾ അറിയാതെ ആരവ് കാറിനുള്ളിൽ ഇരുന്നു കളിക്കുന്നത് ആശ്വാസമായിരുന്നു. എന്നാൽ രക്ഷപ്പെടുത്താനുള്ള ശ്രമം ഫലം കാണാതെ വന്നതോടെ ഫയർ ഫോഴ്സിൻറെ സഹായം തേടുകയാ യിരുന്നു.

വിഴിഞ്ഞം ഫയർ സ്റ്റേഷൻ എഎസ്ടിഒ സജീവ് കുമാർ, ഗ്രേഡ് എഎസ്ടിഒ വിനോദ് കുമാർ, ഫയർ ഓഫീസർമാരായ സന്തോഷ് കുമാർ, പ്രശാന്ത്, അനീഷ്, ഷിബു, രാജേഷ് എന്നിവർ സ്ഥലത്തെത്തി.

ആംഗ്യഭാഷയിൽ കുട്ടിയെ കൊണ്ട് ബട്ടൺ അമർത്തിക്കാൻ പുറത്തു നിന്ന് അധികൃതർ ശ്രമം നടത്തി. എന്നാൽ ആരവ് ചില ബട്ടണുകൾ അമർത്തിയെങ്കിലും ഫലം പരാജയമായിരുന്നു. കാറിന് ശക്തമായ കുലുക്കമുണ്ടായാൽ എയർ ബാഗ് പൊട്ടിത്തെറിച്ച് മുൻ സീറ്റിൽ ഇരിക്കുന്ന കുട്ടിക്ക് അപകടം ഉണ്ടാകാമെന്ന വിശ്വാസവും രക്ഷാപ്രവർത്തനത്തെ ബാധിച്ചു. ഇതിനിടയിൽ ആരവ് കാറിനുള്ളിൽ ഇരുന്ന് ഉറങ്ങാനുള്ള ശ്രമം നടത്തിയതും ആശങ്കയുണ്ടാക്കി. ഒടുവിൽ ഏറെ ശ്രദ്ധയോടെ അരമണിക്കൂറിനുള്ളിൽ ഗ്ലാസ് പൊളിച്ച്ആരവിനെ പുറത്തെടുത്ത തോടെ ആശങ്കക്ക് വിരാമമായി.

# ആകാശ് തില്ലങ്കേരിയുടെ ജീപ്പ് റൈഡ്; വാഹന ഉടമയ്ക്ക് 45,500 രൂപ പിഴ

കൽപ്പറ്റ: ഷുഹൈബ് വധക്കേസിലെ പ്രതി ആകാശ് തില്ലങ്കേരി നിയമങ്ങൾ ലംഘിച്ച് വാഹനം ഓടിച്ച സംഭവത്തിൽ നടപടിയുമായി മോട്ടോർവാഹന വകുപ്പ്. വാഹനത്തിൻറെ ആർസി ഓണർ മൊറയൂർ സ്വദേശി സുലൈമാനെതിരെ ഒമ്പതുകേസും 45,500 രൂപ പിഴയും ചുമത്തി. കഴിഞ്ഞ ഏഴിന് വയനാട്ടിലൂടെ നടത്തിയ യാത്രയുടെ ദൃശ്യങ്ങൾ പോലീസിൽ നിന്ന് ലഭിച്ചതിന് പിന്നാലെയാണ് മോട്ടോർ വാഹന വകുപ്പിൻറെ നടപടിയുണ്ടായത്. വാഹനത്തിൻറെ ആർസി സസ്പെൻഡ് ചെയ്യാനും ശിപാർശ ചെയ്തിട്ടുണ്ട്. അതേസമയം ആകാശ് ഓടിച്ച വാഹനം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് ഇല്ലാതെ വാഹനം ഓടിക്കാൻ വിട്ടു നൽകിയതിലും ഉടമക്കെതിരെ കേസുണ്ട്. ആകാശ് തില്ലങ്കേരിയുടെ ഡ്രൈവിംഗ് ലൈസൻസ് ലഭിക്കാത്ത സാഹചര്യത്തിലാണ് ഈ വകുപ്പ് ചുമത്തിയത്. നേരത്തെ ലൈസൻസ് വിവരങ്ങൾ കണ്ണൂർ ആർടിഒയിൽ നിന്ന് തേടിയിരുന്നു. ആകാശിൻറെ ലൈസൻസ് വിവരങ്ങൾ ലഭിച്ചാൽ ലൈസൻസ് ഇല്ലെന്ന കുറ്റം ഒഴിവാകും.

സംഭവത്തിൽ ആകാശ് തില്ലങ്കേരിക്കെതിരെ ഹൈക്കോടതി സ്വമേധയാ കേസെടുത്തിരുന്നു. കൊലപാതകം ഉൾപ്പടെ നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയാണ് ആകാശ് തില്ലങ്കേരി.

# ഭാരതത്തിൻറെ മഹത്തായ പാരമ്പര്യം സമത്വവും സാഹോദര്യവും തുല്യതയും: മാർ പെരുന്തോട്ടം

തിരുവനന്തപുരം: വിശുദ്ധ തോമാശ്ലീഹാ ഭാരതത്തിനു പകർന്നു നൽകിയത് നന്മയുടെ സന്ദേശമാണെന്നു ചങ്ങനാശേരി അതിരൂപത ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. ലൂർദ് ഫൊറോന പാരിഷ് ഹാളിൽ ലൂർദ് ഫൊറോനയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദുക്റാന സംഗമത്തിൽ ആമുഖസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

മനുഷ്യകുലത്തിനു മുഴുവൻ സ്നേഹവും സമാധാനവും പകർന്നു നൽകുന്നതിൻറെ ഭാഗമായാണ് വിശുദ്ധ തോമാ ശ്ലീഹാ ഭാരതത്തിൽ എത്തിയത്. എന്തിനേക്കാളും ഉപരിയായി ദൈവത്തെ സ്നേഹിക്കണം, ഈ സ്നേഹം എല്ലാവർക്കും പരസ്പരം ഉണ്ടാകണം എന്ന സന്ദേശമാണ് തോമാശ്ലീഹായുടെ പ്രവർത്തനങ്ങളുടെ ശക്തിസ്രോതസ്. ഭാരതത്തിൻറെ മഹത്തായ പാരമ്പര്യം സമത്വവും സാഹോദര്യവും തുല്യതയുമാണ്. ഓരോരുത്തർക്കും സുരക്ഷിതത്വം നൽകുന്ന ഭരണഘടനയാണ് നമുക്കുള്ളത്. നന്മയ്ക്കായി നമുക്ക് ഒരുമിക്കാമെന്നും ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം പറഞ്ഞു.

സ്നേഹത്തിൻറെ വലിയ മുഖമായിരുന്നു വിശുദ്ധ തോമാശ്ലീഹായെന്നു തുടർന്നു പ്രസംഗിച്ച ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ പറഞ്ഞു.

തോമാശ്ലീഹായുടെ വരവ് വർണാഭമായ ചരിത്രത്തിൻറെ ഭാഗമാണെന്നു പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു.

മലങ്കര കത്തോലിക്കാ സഭ കൂരിയ ബിഷപ് ആൻറണി മാർ സിൽവാനോസ്, മലങ്കര മാർത്തോമ്മാ സുറിയാനി സഭ മെത്രാപ്പോലീത്ത ഐസക് മാർ ഫിലക്സിനോസ്, ബിലീവേഴ്സ് ചർച്ച് ബിഷപ് റവ. മാത്യൂസ് മാർ സിൽവാനോസ്, പാളയം ഇമാം ഡോ.വി.പി. സുഹൈബ് മൗലവി, മന്ത്രിമാരായ വി.എൻ. വാസവൻ, റോഷി അഗസ്റ്റിൻ, ജോൺ ബ്രിട്ടാസ് എംപി, ചീഫ് വിപ്പ് എൻ. ജയരാജ്, മേയർ ആര്യ രാജേന്ദ്രൻ, എംഎൽഎമാരായ പി.ജെ. ജോസഫ്, ആൻറണി രാജു, വി.കെ. പ്രശാന്ത്, റോജി എം. ജോൺ, സജീവ് ജോസഫ്, സണ്ണി ജോസഫ്, മാണി സി. കാപ്പൻ, കടകംപള്ളി സുരേന്ദ്രൻ, തോമസ് കെ. തോമസ്, ദലീമ, സെബാസ്റ്റ്യൻ കുളത്തിങ്കൽ, ടി.ജെ. വിനോദ്, സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, ജനറൽ അഡ്മിനിസ്ട്രേഷൻ പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, സിറ്റി പോലീസ് കമ്മീഷണർ ജി. സ്പർജൻ കുമാർ, അസിസ്റ്റൻറ് കമ്മീഷണർ നിഥിൻ, പാസ്പോർട്ട് ഓഫീസർ ജീവമരിയ ജോയ്, വിവരാവകാശ കമ്മീഷണർ ഡോ. സോണിച്ചൻ പി. ജോസഫ്, മുൻ ഡിജിപി ജേക്കബ് പുന്നൂസ്, മുൻ ചീഫ് സെക്രട്ടറി ജിജി തോംസൺ, കോൺഗ്രസ് നേതാവ് കെ. മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു.

# ഊരിപ്പിടിച്ച കത്തിയുമായി സിപിഎം പ്രവർത്തകൻ പിന്നാലെ, സിപിഎം നേതാവായ ബാങ്ക് പ്രസിഡൻറ് ഓടി രക്ഷപ്പെട്ടു

തലശേരി: മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ സിപിഎം നേതാവായ ബാങ്ക് പ്രസിഡൻറിനെ കുത്താൻ സിപിഎമ്മുകാരനായ ജീവനക്കാരൻ കത്തിയെടുത്ത് പിന്നാലെ ഓടി.

പ്രാണരക്ഷാർഥം ഓടിയ പ്രസിഡൻറ്, സെക്രട്ടറിയുടെ കാബിനിൽ കയറി രക്ഷപ്പെട്ടു. മുഖ്യമന്ത്രിയുടെ മണ്ഡലമായ ധർമടത്തെ ഒരു ബാങ്കിൻറെ സായാഹ്നശാഖയിലാണ് സംഭവം. ഇതേത്തുടർന്ന് ജീവനക്കാരനെ സസ്പെൻഡ് ചെയ്തു.

സീനിയർ ക്ലർക്കായ ജീവനക്കാരനെ ഇടപാടുകാരുടെ മുന്നിൽവച്ച് മാനസികരോഗി എന്ന് ആക്ഷേപിച്ചതിനെത്തുടർന്നാണ്, പ്രകോപിതനായ ജീവനക്കാരൻ പേപ്പർ മുറിക്കാനുപയോഗിക്കുന്ന കത്തിയുമെടുത്ത് പ്രസിഡൻറിനു പിന്നാലെ പാഞ്ഞത്.

സംഭവശേഷം രക്തസമ്മർദത്തെത്തുടർന്ന് അവശനിലയിലായ ജീവനക്കാരനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇടപാടുകാരും ജീവനക്കാരും ഉൾപ്പെട്ട യോഗത്തിലാണു സംഭവങ്ങളുടെ തുടക്കം.

ഇടപാടുകാരുടെ മുന്നിൽവച്ച് ജീവനക്കാരുടെ യോഗം വിളിക്കുന്നതിനെ ജീവനക്കാർതന്നെ എതിർത്തിരുന്നു. എതിർപ്പ് വകവയ്ക്കാതെയാണ് പ്രസിഡൻറ് ഇങ്ങനെയൊരു യോഗം വിളിച്ചതെന്നും ജീവനക്കാർ പരാതി പ്പെടുന്നു. യോഗത്തിൽ കെവൈസി ഫോം പൂരിപ്പിച്ച് നൽകാത്തതിനെക്കുറിച്ചുള്ള ചർച്ചയ്ക്കിടയിലാണു പ്രകോപനപരമായ രംഗങ്ങൾ അരങ്ങേറിയത്.

ജീവനക്കാരൻ ഫോം പൂരിപ്പിച്ച് നൽകാത്തതിനെക്കുറിച്ച് പ്രസിഡൻറ് രൂക്ഷവിമർശനം നടത്തി. കെവൈസി ഫോം ഇടപാടുകാർതന്നെ പൂരിപ്പിക്കണമെന്നാണു നിയമമെന്നും അല്ലാതെ ചെയ്താൽ കരിവെള്ളൂരിൻറെ ഗതി വരുമെന്നും ജീവനക്കാരൻ മറുപടി പറഞ്ഞു. തുടർന്നാണ് പ്രസിഡൻറ് ജീവനക്കാരനെ മാനസികരോഗി എന്ന് അധിക്ഷേപിച്ചത്.

ഇതിനു പുറമേ ബാങ്കിൻറെ നീതി സ്റ്റോറുമായി ബന്ധപ്പെട്ട 13 ലക്ഷത്തിൻറെ നഷ്ടം സംബന്ധിച്ച ജീവനക്കാരൻറെ ചോദ്യങ്ങളും പ്രസിഡൻറിനെ പ്രകോപിപ്പിച്ചതായും പറയുന്നു. സംഭവത്തിൽ പ്രസിഡൻറിനെതിരേ ജീവനക്കാരൻറെ ഭാര്യ പോലീസിൽ പരാതി നൽകിയിട്ടുള്ളതായും അറിയുന്നു.

# അവയവ കച്ചവട വിവാദം: വ്യാജരേഖ ചമച്ച് കുടുക്കിയെന്ന് രക്ഷപ്പെട്ട യുവതി

നെടുംപൊയിൽ: വിവാദമായ അവയവ കച്ചവട കേസിൽ അന്വേഷണം പുരോഗമിക്കുന്നതിനിടെ നിർണായക വെളിപ്പെടുത്തലുമായി അവയവ കച്ചവട മാഫിയയിൽനിന്നു രക്ഷപ്പെട്ടെത്തിയ ആദിവാസി യുവതി. തൻറെ ഭർത്താവിനു സുഖമില്ലെന്ന് അറിയിച്ച് തന്നെ കെണിയിൽപെടുത്തുകയായിരുന്നുവെന്ന് ഇവർ മാധ്യമങ്ങളോടു പറഞ്ഞു.

അവയവ വ്യാപാരത്തിൻറെ ഇടനിലക്കാരൻ ബെന്നി വ്യാജരേഖ ചമച്ച് അവയവദാനത്തിനുള്ള സമ്മതപത്രം ഉണ്ടാക്കിയെന്നാണു യുവതിയുടെ വെളിപ്പെടുത്തൽ. താൻ ആദിവാസി യുവതിയാണെന്ന കാര്യം മറച്ചുവച്ച് ആധാറിലെയും റേഷൻ കാർഡിലെയും വിലാസം എറണാകുളം ജില്ലയിലെ എടത്തല പഞ്ചായത്തിലെ ചുണങ്ങംവേലിയിലേക്കു മാറ്റി.

ആദിവാസി വിഭാഗമായതിനാൽ വൃക്ക നൽകാൻ ഇരിട്ടി ഡിവൈഎസ്പിയിൽനിന്നും സർട്ടിഫിക്കറ്റ് ലഭിക്കില്ലെന്ന് പറഞ്ഞാണ് അഡ്രസ് മാറ്റിയത്. ആദിവാസി യുവതിയാണെന്നു മറച്ചുവച്ചാണ് എറണാകുളത്തുനിന്നു പോലീസിൻറെ സർട്ടിഫിക്കറ്റ് നേടിയതെന്നും യുവതി വെളിപ്പെടുത്തി. അവയവദാനത്തിന് ഒമ്പതു ലക്ഷം രൂപയാണ് ഇടനിലക്കാരനായ ബെന്നി വാഗ്ദാനം ചെയ്തത്.

തൻറെ ഭർത്താവുകൂടി ഈ മാഫിയ സംഘത്തിലെ അംഗമാണെന്ന് പിന്നീടാണ് തിരിച്ചറിഞ്ഞത്. ഇത്തരത്തിൽ നിരവധി പേരുടെ റേഷൻകാർഡിലെയും ആധാർ കാർഡിലെയും അഡ്രസുകൾ മാറ്റിയതായും യുവതി ആരോപിച്ചു.

മാഫിയ സംഘത്തിൻറെ വലയിൽ വീണ് അവയവദാനം ചെയ്ത പലരും വലിയ ബുദ്ധിമുട്ട് നേരിടുന്നതായി വാർത്ത പുറത്തുവന്ന ശേഷം ഫോണിൽ വിളിച്ചുപറഞ്ഞിരുന്നു. താൻ കെണിയിലാകുമെന്നറിഞ്ഞതോടെ രക്ഷപ്പെടുകയായിരുന്നു.

അവയവ മാഫിയയുടെ എറണാകുളത്തെ കേന്ദ്രത്തിൽനിന്നു രക്ഷപ്പെടാൻ സഹായിച്ച സുഹൃത്തിനെ ഇടനിലക്കാരനും ഭർത്താവും ചേർന്ന് കള്ളക്കേസിൽ കുടുക്കിയതായും യുവതി ആരോപിച്ചു.

# 13 കോടിയുടെ മയക്കുമരുന്ന്; കെനിയൻ പൗരൻ പിടിയിൽ

കൊച്ചി: 13 കോടിരൂപ വിലവരുന്ന മയക്കുമരുന്ന് ദ്രാവകരൂപത്തിലാക്കി കടത്താൻ ശ്രമിച്ച കെനിയൻ പൗരൻ നെടുമ്പാശേരി വിമാനത്താവളത്തിൽ പിടിയിൽ. കൊക്കെയ്ൻ ദ്രാവകരൂപത്തിലാക്കി മദ്യക്കുപ്പിയിൽ കടത്താൻ ശ്രമിക്കുന്നതിനിടെയാണ് ഇയാൾ പിടിയിലായത്.

കേരളത്തിൽ ആദ്യമായാണു ദ്രാവക രൂപത്തിലുള്ള കൊക്കെയ്ൻ പിടിച്ചെടുക്കുന്നത്. ഇയാളുടെ ശരീരത്തിൽ നിന്ന് 200 ഗ്രാം ലഹരിവസ്തു കണ്ടെത്തിയെന്ന് ഡിആർഐ അധികൃതർ പറഞ്ഞു.

നെടുമ്പാശേരി വിമാനത്താവളത്തിലൂടെ ലഹരിമരുന്നു കടത്താൻ ശ്രമിക്കുന്നുണ്ടെന്ന രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ ഡിആർഐ പരിശോധന കർശനമാക്കിയിരുന്നു.

ആർക്ക് കൈമാറാനാണ് മയക്കുമരുന്ന് എത്തിച്ചതെന്ന് കണ്ടെത്താൻ പ്രതിയെ ചോദ്യം ചെയ്തു വരികയാണെന്ന് അധികൃതർ പറഞ്ഞു.

# ഇഡി പിടിച്ചെടുത്തതെല്ലാം ക്രൈംബ്രാഞ്ചിനു നൽകണം; കരുവന്നൂർ തട്ടിപ്പുകേസിൽ ഹൈക്കോടതി

കൊച്ചി: കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുകേസുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി) പിടിച്ചെടുത്ത് പിഎംഎൽഎ കോടതിയിൽ സമർപ്പിച്ച രേഖകൾ ക്രൈംബ്രാഞ്ചിന് വിട്ടുനൽകണമെന്ന് ഹൈക്കോടതി ഉത്തരവ്.

ക്രൈംബ്രാഞ്ച് അന്വേഷണം നടക്കുന്ന കേസിൽ ഇഡി പിടിച്ചെടുത്ത രേഖകൾ അന്വേഷണത്തിൻറെ ഭാഗമായി വിട്ടുനൽകണമെന്നാവശ്യപ്പെട്ടു ക്രൈംബ്രാഞ്ച് നൽകിയ ഹർജിയിലാണ് ജസ്റ്റീസ് കെ. ബാബുവിൻറെ ഉത്തരവ്. അതേസമയം, രണ്ടു മാസത്തിനകം പരിശോധന പൂർത്തിയാക്കണമെന്ന് തിരുവനന്തപുരത്തെ ഫോറൻസിക് ലാബ് ഡയറക്ടർ, തൃശൂർ ഫോറൻസിക് ലാബ് അസി. ഡയറക്ടർ, ഫിംഗർ പ്രിൻറ് ബ്യൂറോ എന്നിവയ്ക്ക് കോടതി നിർദേശം നൽകിയിട്ടുണ്ട്. രണ്ടു മാസത്തിനകം ഇതു സംബന്ധിച്ച റിപ്പോർട്ട് കോടതിക്കു സമർപ്പിക്കണം. പരിശോധനയ്ക്ക് കൂടുതൽ സമയം വേണ്ടതുണ്ടെങ്കിലും കോടതി മുഖേന ആവശ്യപ്പെടണമെന്നും നിർദേശിച്ചിട്ടുണ്ട്. ബാങ്ക് നടത്തിയ 90 വായ്പാ ഇടപാടുകളുമായി ബന്ധപ്പെട്ട യഥാർഥ ഫയലുകളാണ് അന്വേഷണത്തിൻറെ ഭാഗമായി ക്രൈംബ്രാഞ്ച് ആവശ്യപ്പെട്ടത്. എന്നാൽ, കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമപ്രകാരം പിടിച്ചെടുത്ത രേഖകളുടെ പകർപ്പ് ആരിൽനിന്നു പിടിച്ചെടുത്തുവോ അവർക്കല്ലാതെ നൽകാനാകില്ലെന്ന് ഇഡി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരുന്നു.

ഇതേത്തുടർന്ന് രേഖകൾ സമർപ്പിച്ചിട്ടുള്ള കലൂരിലെ പിഎംഎൽഎ കോടതിയെ സമീപിച്ചെങ്കിലും രേഖകൾ വിട്ടുനൽകണമെന്ന ആവശ്യം കോടതി തള്ളി. തുടർന്നാണ് ഹൈക്കോടതിയെ സമീപിച്ചത്.

വ്യാജരേഖകൾ നൽകിയും കള്ളയൊപ്പിട്ടും കരുവന്നൂർ ബാങ്കിൽനിന്നു വായ്പാതട്ടിപ്പ് നടത്തിയതു സംബന്ധിച്ചാണ് ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നത്. യഥാർഥ രേഖകളുമായി ഒത്തുനോക്കിയാലേ കൃത്യമായ നിഗമനത്തിലെത്താനാകൂ. ഫോറൻസിക് പരിശോധനയ്ക്കായി യഥാർഥ രേഖകൾ നൽകിയില്ലെങ്കിൽ ക്രൈംബ്രാഞ്ച് കേസ് റദ്ദാക്കപ്പെടുമെന്നും ഇഡിയുടെ കേസും നിലനിൽക്കാത്ത അവസ്ഥയുണ്ടാകുമെന്നും ക്രൈംബ്രാഞ്ച് ചൂണ്ടിക്കാട്ടി.

എന്നാൽ, രാഷ്ട്രീയനേതാക്കളും പോലീസ് ഉദ്യോഗസ്ഥരും ബാങ്ക് ജീവനക്കാരും കൈകോർത്തു നടത്തിയ തട്ടിപ്പിൻറെ രേഖകൾ ക്രൈംബ്രാഞ്ചിന് വിട്ടുനൽകാനാകില്ലെന്നായിരുന്നു ഇഡിയുടെ വാദം.

# കേരളീയം ഡിസംബറിൽ; മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംഘാടകസമിതി യോഗം ചേർന്നു

തിരുവനന്തപുരം: കേരളീയം പരിപാടി ഈ വർഷവും നടത്താൻ സംസ്ഥാന സർക്കാർ. കഴിഞ്ഞ വർഷം നവംബറിലായിരുന്നു കേരളീയമെങ്കിൽ ഈ വർഷം ഡിസംബറിൽ നടത്താനാണ് ആലോചന.

ഇത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംഘാടക സമിതി യോഗം ചേർന്നു. കേരളീയം തുടരുമെന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു.

കഴിഞ്ഞ വർഷം ഏഴ് ദിവസങ്ങളിലായി 44 ഇടങ്ങളിൽ ആണ് കേരളീയം നടന്നത്. കേരളപ്പിറവി ദിനമായ നവംബർ ഒന്നുമുതൽ ഏഴ് വരെയായിരുന്നു കേരളീയമെന്ന പേരിൽ വിവിധ കലാ സാസ്കാരിക പരിപാടികൾ തലസ്ഥാനത്ത് സംഘടിപ്പിച്ചത്.

അതേസമയം കഴിഞ്ഞ വർഷത്തെ കേരളീയം പരിപാടിയുടെ സ്പോൺസർഷിപ്പ് കണക്കുകൾ സർക്കാർ ഇതുവരെ പുറത്ത് വിട്ടിട്ടില്ല. നിയമസഭയിൽ പബ്ലിക് റിലേഷൻ വകുപ്പ് ചെലവഴിച്ച കണക്കുകൾ മാത്രമാണ് പുറത്ത് വന്നിട്ടത്.

# ഇന്ധന സർചാർജ്ജ് പൊതുതെളിവെടുപ്പ് ജൂലൈ 11 ന്

2023 ഒക്ടോബർ മുതൽ 2024 മാർച്ച് വരെയുള്ള കാലയളവിൽ 10 പൈസ നിരക്കിൽ ഇന്ധനസർചാർജ്ജ് നടപ്പാക്കിയതിനു ശേഷമുണ്ടായ അധിക ബാധ്യതയായ 46.50 കോടി രൂപ ഉപഭോക്താക്കളിൽ നിന്നും ഈടാക്കാനുള്ള കെ.എസ്.ഇ.ബിയുടെ അപേക്ഷയിൽ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 11 ന് രാവിലെ 11 മണിക്ക് പൊതുതെളിവെടുപ്പ് നടത്തും. പെറ്റീഷൻ കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. തിരുവനന്തപുരം വെള്ളയമ്പലം കമ്മീഷന്റെ ഓഫീസിലുള്ള കോർട്ട് ഹാളിലാണ് തെളിവെടുപ്പ്. പൊതുതെളിവെടുപ്പിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുക്കാം. വീഡിയോ കോൺഫറൻസിൽ പങ്കെടുക്കുന്നവർ 10 ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപ് പേരും വിശദവിവരങ്ങളും ഫോൺ നമ്പർ സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org യിൽ അറിയിക്കണം. തപാൽ മുഖേനയും ഇമെയിൽ വഴിയും (kserc@erckerala.org) പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താം. തപാൽ/ഇമെയിൽ മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം, 695 010 എന്ന വിലാസത്തിൽ 11 ന് വൈകിട്ട് 5 വരെ സ്വീകരിക്കും.

# മാതൃഭാഷയും ഹിന്ദിയും ഒന്നിച്ച് അഭിവൃദ്ധിപ്പെടണം: ഗവർണർ

തിരുവനന്തപുരം: എല്ലാ ഭാഷകളും സംസ്കാരവാഹികളാണെന്നും മാതൃഭാഷയോടൊപ്പം സമ്പർക്കഭാഷയെന്ന നിലയിൽ ഹിന്ദിയും പഠിക്കാനും പ്രചരിപ്പിക്കാനും ഊർജിത നടപടികൾ ഉണ്ടാകണമെന്ന് ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ അഭിപ്രായപ്പെട്ടു. കേരള ഹിന്ദി പ്രചാര സഭയുടെ 202324 വർഷത്തെ ബിരുദസമർപ്പണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ.

2023 ഓഗസ്റ്റിലും 2024 ഫെബ്രുവരിയിലും സഭയുടെ ഭൂഷൺ, സാഹിത്യാചാര്യ പരീക്ഷകളിലും 202224 ആചാര്യ, ട്രാൻസിലേഷൻ ഡിപ്ലോമ കോഴ്സുകളിലും ഉന്നത വിജയം നേടിയവർക്ക് ഗവർണർ ബിരുദം സമ്മാനിച്ചു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.ജഗതിരാജ് അധ്യക്ഷത വഹിച്ചു. ചലച്ചിത്ര ഗാനരചയിതാവ് ശ്രീകുമാരൻ തമ്പി അനുഗ്രഹപ്രഭാഷണം നടത്തി. സഭാ സെക്രട്ടറി അഡ്വ. ബി. മധു. പ്രസിഡൻറ് എസ്. ഗോപകുമാർ, ട്രഷറർ ജി. സദാനന്ദൻ, ആചാര്യ ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാൾ മധുബാല ജയചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

# കേരള കർണ്ണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനം പാടില്ലെന്ന് നിർദേശം

ഇന്ന് (ജൂലൈ എട്ട്) കേരളകർണ്ണാടകലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ജൂലൈ 11 വരെ മധ്യ പടിഞ്ഞാറൻ അറബിക്കടലിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനു സാധ്യതയുണ്ട്. ഗൾഫ് ഓഫ് മാന്നാർ അതിനോട് ചേർന്ന തെക്കൻ തമിഴ്നാട് തീരം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ഇന്ന് (ജൂലൈ എട്ട്) മധ്യകിഴക്കൻ അറബിക്കടൽ, അതിനോട് ചേർന്ന മധ്യ പടിഞ്ഞാറൻ അറബിക്കടൽ, തെക്കു കിഴക്കൻ അറബിക്കടലിന്റെ വടക്കൻ ഭാഗങ്ങൾ, ശ്രീലങ്കൻ തീരം, തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ , അതിനോട് ചേർന്ന തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടലിന്റെ ഭാഗങ്ങൾ എന്നിവിടങ്ങളിലും, നാളെ (ജൂലൈ ഒൻപത്) മധ്യ കിഴക്കൻ അറബിക്കടൽ , മധ്യ പടിഞ്ഞാറൻ അറബിക്കടൽ, തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ അതിനോട് ചേർന്ന തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടലിന്റെ ഭാഗങ്ങൾ, അതിനോട് ചേർന്ന വടക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിലും, ജൂലൈ പത്തിന് മധ്യ കിഴക്കൻ അറബിക്കടൽ, മധ്യ പടിഞ്ഞാറൻ അറബിക്കടൽ, തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ അതിനോട് ചേർന്ന തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടലിന്റെ ഭാഗങ്ങൾ, അതിനോട് ചേർന്ന വടക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, വടക്കൻ ആന്ധ്രാ പ്രദേശ് തീരം എന്നിവിടങ്ങളിലും മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ജൂലൈ 11ന് മധ്യ കിഴക്കൻ അറബിക്കടൽ, മധ്യ പടിഞ്ഞാറൻ അറബിക്കടൽ, തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടലിന്റെ വടക്കൻ ഭാഗങ്ങൾ, തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ അതിനോട് ചേർന്ന തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടലിന്റെ ഭാഗങ്ങൾ, വടക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, വടക്കൻ ആന്ധ്രാ പ്രദേശ് തീരം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ജൂലൈ 12ന് മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന്റെ മധ്യ ഭാഗങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനു സാധ്യതയുണ്ട്. ഗൾഫ് ഓഫ് മാന്നാർ അതിനോട് ചേർന്ന തെക്കൻ തമിഴ്നാട് തീരം എന്നിവിടങ്ങളിലും മധ്യ കിഴക്കൻ അറബിക്കടൽ അതിനോട് ചേർന്ന മധ്യ പടിഞ്ഞാറൻ അറബിക്കടൽ, തെക്കു കിഴക്കൻ അറബിക്കടലിന്റെ വടക്കൻ ഭാഗങ്ങൾ, തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ അതിനോട് ചേർന്ന തെക്കു കിഴക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടലിന്റെ ഭാഗങ്ങൾ, വടക്കൻ ബംഗാൾ ഉൾക്കടൽ, വടക്കൻ ആന്ധ്രാ പ്രദേശ് തീരം എന്നിവിടങ്ങളിലും മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ മുന്നറിയിപ്പുള്ള ദിവസങ്ങളിൽ ഈ തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു.

# ജാമ്യത്തിലിറങ്ങിയ പീഡനക്കേസ് പ്രതികൾ ഇരയുടെ അമ്മയെ വെടിവച്ചു കൊന്നു

ലക്നോ: ഉത്തർപ്രദേശിൽ ജാമ്യത്തിലിറങ്ങിയ പീഡനക്കേസ് പ്രതികൾ ഇരയുടെ വീട്ടിൽ അതിക്രമിച്ചു കയറി യുവതിയുടെ അമ്മയെ വെടിവച്ചു കൊന്നു. മൂന്നുപേരെ പരിക്കേൽപ്പിച്ചു. ഉന്നാവോ ജില്ലയിലെ കാൺപൂരിൽ തിങ്കളാഴ്ച രാത്രിയാണ് സംഭവം.

പ്രതികളിൽ ഒരാളെ പിന്നീട് ജീവനൊടുക്കിയ നിലയിൽ കണ്ടെത്തി. പീഡനക്കേസിൽ രണ്ട് പ്രതികളും ജാമ്യത്തിലിറങ്ങി രണ്ട് മാസം തികയുന്നതിന് മുമ്പായിരുന്നു ആക്രമണം.

പ്രതികളിൽ നിന്ന് വധഭീഷണിയുണ്ടെന്ന് ആരോപിച്ച് കഴിഞ്ഞയാഴ്ച പോലീസിനെ സമീപിച്ചിരുന്നതായി യുവതിയുടെ കുടുംബം പറഞ്ഞു. തങ്ങളുടെ പരാതിയിൽ പോലീസ് യാതൊരു നടപടിയും സ്വീകരിച്ചില്ലെന്ന് യുവതി ആരോപിച്ചു.നാടൻ തോക്കുകളും മൂർച്ചയുള്ള ആയുധങ്ങളുമായി പ്രതികൾ 20 കാരിയായ യുവതിയുടെ വീട്ടിൽ മറ്റൊരു സുഹൃത്തിനൊപ്പമാണ് എത്തിയത്. യുവതിയും ആറ് കുടുംബാംഗങ്ങളും ഉറങ്ങിക്കിടന്ന മുറിക്കുള്ളിൽ കയറിയ ഒരാൾ വെടിയുതിർത്തു. വെടിവയ്പ്പിൽ യുവതിയുടെ അമ്മ കൊല്ലപ്പെടുകയും പിതാവിനും രണ്ട് സഹോദരിമാർക്കും പരിക്കേൽക്കുകയും ചെയ്തു.

യുവതിയുടെ കുടുംബം ഫത്തേപൂർ ചൗരാസി പോലീസിൽ നൽകിയ പരാതിയിൽ എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആക്രമണം മുൻകൂട്ടി ആസൂത്രണം ചെയ്തതാണെന്ന് എഫ്ഐആറിൽ പറയുന്നു. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഒളിവിൽ കഴിയുന്നവരെ ഉടൻ അറസ്റ്റ് ചെയ്യുമെന്ന് പോലീസ് ഇൻസ്പെക്ടർ ജനറൽ (ലക്നോ റേഞ്ച്) പ്രശാന്ത് കുമാർ പറഞ്ഞു.യുവതിയുടെ പിതാവിനെയും 24 കാരിയായ സഹോദരിയെയും ചികിത്സയ്ക്കായി കാൺപൂരിലെ എൽ എൽആർ ആശുപത്രിയിലേക്ക് മാറ്റി. ഇവരുടെ നില തൃപ്തികരമാണെന്ന് റിപ്പോർട്ട്. യുവതിയുടെ 12 കാരിയായ സഹോദരി പ്രാദേശിക ആരോഗ്യ കേന്ദ്രത്തിൽ ചികിത്സയിലാണെന്ന് പോലീസ് പറഞ്ഞു.

അക്രമികളിലൊരാൾ യുവതിയുടെ വീടിന് സമീപം ജീവനൊടുക്കിയെന്നും പോലീസ് അറിയിച്ചു. കള്ളക്കേസിൽ കുടുക്കിയതിന് പരാതിക്കാരിയെയും കുടുംബത്തെയും കൊല്ലാൻ പോകുകയാണെന്ന് പറയുന്ന വീഡിയോ മരിച്ച പ്രതിയുടെ മൊബൈലിൽ നിന്ന് കണ്ടെടുത്തതായി പോലീസ് വ്യക്തമാക്കി. മറ്റ് രണ്ട് അക്രമികളും ഒളിവിലാണ്.

പീഡനക്കേസിൽ യുവതിയുടെ പരാതിയെ തുടർന്ന് കഴിഞ്ഞ വർഷം ഓഗസ്റ്റിലാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. പിന്നീട് ജാമ്യം ലഭിച്ച ഇരുവരും മേയ് 10ന് ജയിൽ മോചിതരായി. പ്രതികളിൽ നിന്നും ആക്രമണത്തിന് സാധ്യതയുണ്ടെന്ന് സംശയിച്ച് ജൂലൈ മൂന്നിന് ഫത്തേപൂർ ചൗരാസി പോലീസിനെ തങ്ങൾ സമീപിച്ചിരുന്നതായി യുവതി പറഞ്ഞു.

പോലീസ് തങ്ങൾക്ക് സുരക്ഷയൊരുക്കുകയോ പ്രതികൾക്കെതിരെ നടപടിയെടുക്കുകയോ ചെയ്തില്ലെന്നും യുവതി കൂട്ടിച്ചേർത്തു. പോലീസിൻറെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ചയുണ്ടായെന്ന് സമ്മതിച്ച ഉന്നത പോലീസ് ഉദ്യോഗസ്ഥൻ, തെറ്റ് ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

# സ്വകാര്യ കെയർ ഹോമിലെ കോളറ: പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ നിർദേശം

## ആവശ്യമെങ്കിൽ രോഗികളെ ഐരാണിമുട്ടം ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിക്കും

തിരുവനന്തപുരം നെയ്യാറ്റിൻകരയിലെ സ്വകാര്യ കെയർ ഹോമിൽ കോളറ സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ സ്ഥലത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി.

ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. ആദ്യം ഭക്ഷ്യ വിഷബാധയെന്നാണ് കെയർ ഹോമിലുള്ളവർ സംശയിച്ചത്. രോഗം റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ പെരുമ്പഴുതൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ സ്ഥലത്തെത്തി വേണ്ട ക്രമീകരണങ്ങൾ നടത്തി.

രോഗത്തിന്റെ ഉറവിടം കണ്ടെത്താനായി വെള്ളം ഉൾപ്പെടെയുള്ള സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. രോഗ ലക്ഷണങ്ങൾ കാണുന്നവരുടെ സാമ്പിളുകൾ വേഗം പരിശോധനയ്ക്കയയ്ക്കാൻ മന്ത്രി നിർദേശം നൽകി.

കൂടുതൽ രോഗികൾ എത്തുന്നുണ്ടെങ്കിൽ ഐരാണിമുട്ടത്തെ ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിച്ച് വിദഗ്ധ പരിചരണം ഉറപ്പാക്കും. കെയർ ഹോമിലുള്ള ചിലർ വീടുകളിൽ പോയതിനാൽ അവരെ കണ്ടെത്തി നിരീക്ഷിക്കും.

അവർക്കോ കുടുംബാംഗങ്ങൾക്കോ രോഗ ലക്ഷണങ്ങൾ കണ്ടാൽ സാമ്പിളുകൾ പരിശോധിക്കുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യും.

സ്ഥാപനത്തിന്റെ തന്നെ സ്കൂളിലെ ചില കുട്ടികൾക്ക് കോളറ ലക്ഷണങ്ങൾ കണ്ടതിനാൽ അവർക്കും വിദഗ്ധ പരിചരണം ഉറപ്പാക്കി. സ്കൂളിലും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി. ശക്തമായ വയറിളക്കമോ ഛർദിലോ നിർജലീകരണത്തിന്റെ ലക്ഷണങ്ങളോ ഉണ്ടെങ്കിൽ അടിയന്തരമായി ചികിത്സ തേടണം. കോളറ രോഗത്തിനെതിരെ വളരെ ഫലപ്രദമായ ആന്റിബയോട്ടിക് മരുന്നുകളുണ്ട്.

*കോളറ വളരെ ശ്രദ്ധിക്കണം*

വിബ്രിയോ കോളറ എന്നയിനം ബാക്ടീരിയ വഴിയുണ്ടാകുന്ന ഒരിനം വയറിളക്ക രോഗമാണ് കോളറ. ശ്രദ്ധിച്ചില്ലെങ്കിൽ ഈ രോഗം പെട്ടെന്ന് പടരും. രോഗ ലക്ഷണങ്ങൾ മാറിയാലും ഏതാനും ദിവസങ്ങൾ കൂടി രോഗിയിൽ നിന്ന് രോഗം പകരാനുള്ള സാധ്യതയുണ്ട്.

*രോഗപകർച്ച*

സാധാരണയായി മലിനമായ വെള്ളവും ഭക്ഷണവും വഴിയാണ് കോളറ പടരുന്നത്. രോഗാണുക്കൾ ശരീരത്തിലെത്തി ഏതാനും മണിക്കൂറുകൾ മുതൽ 5 ദിവസത്തിനുള്ളിൽ രോഗം വരാവുന്നതാണ്.

*രോഗ ലക്ഷണങ്ങൾ*

പെട്ടെന്നുള്ള കഠിനമായതും, വയറു വേദനയില്ലാത്തതും, വെള്ളം പോലെയുള്ള (പലപ്പോഴും കഞ്ഞിവെള്ളം പോലെയുള്ള) വയറിളക്കമാണ് കോളറയുടെ ലക്ഷണം. മിക്കപ്പോഴും ഛർദ്ദിയുമുണ്ടായിരിക്കും. ഇതേതുടർന്ന് രോഗി പെട്ടെന്ന് തന്നെ നിർജ്ജലീകരണത്തിലേക്കും തളർന്ന് കുഴഞ്ഞ അവസ്ഥയിലേക്കും എത്താം. ശരിയായ ചികിത്സ ലഭിച്ചില്ലെങ്കിൽ പെട്ടെന്ന് രോഗം ഗുരുതരമാകും.

*ശ്രദ്ധിക്കുക*

രോഗം ഗുരുതരവും മരണ കാരണവുമാകുന്നത് നിർജ്ജലീകരണം കൊണ്ടാണ്. ആയതിനാൽ അടിസ്ഥാനപരമായി മറ്റേതൊരു വയറിളക്ക രോഗ ചികിത്സയെയും പോലെ തന്നെയാണ് കോളറാ ചികിത്സയും. ആരംഭം മുതൽ ഒ.ആർ.എസ്. ലായനി ഉപയോഗിച്ചുള്ള പാനീയ ചികിത്സയിലൂടെ ഗുരുതരാവസ്ഥ കുറയ്ക്കാനും മരണം ഒഴിവാക്കാനും സാധിക്കും.

കോളറ പ്രതിരോധം

തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക

ഭക്ഷണവും വെള്ളവും തുറന്ന് വയ്ക്കരുത്

ഭക്ഷ്യവസ്തുക്കൾ നന്നായി വേവിച്ച് മാത്രം കഴിക്കുക

പഴങ്ങളും പച്ചക്കറികളും ശുദ്ധജലത്തിൽ നന്നായി കഴുകി മാത്രം ഉപയോഗിക്കുക

മലമൂത്ര വിസർജനത്തിന് ശേഷവും ആഹാരം കഴിക്കുന്നതിന് മുമ്പും സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകുക

വയറിളക്കമോ ഛർദിലോ ഉണ്ടായാൽ ധാരാളം പാനീയം കുടിയ്ക്കുക

ഒ.ആർ.എസ്. പാനീയം ഏറെ നല്ലത്

എത്രയും വേഗം ചികിത്സ തേടുക.

# ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിലേക്ക് അപേക്ഷിക്കാം

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈൻ എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/ വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കുള്ള 'ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് ധനസഹായം നൽകുന്നു. ശരിയായ ജനലുകൾ/വാതിലുകൾ/ മേൽക്കൂര/ഫ്ലോറിംഗ്/ഫിനിഷിംങ്/പ്ലംബിങ്/ സാനിട്ടേഷൻ/ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം നൽകുന്നത്. ഒരു വീടിന്റെ അറ്റകുറ്റപണികൾക്ക് 50,000/ രൂപയാണ് ധനസഹായം ഇത് തിരിച്ചടയ്ക്കേണ്ടതില്ല.

പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ടറേറ്റിലേയ്ക്ക് തപാൽ മുഖാന്തിരമോ അപേക്ഷിക്കാം. അപേക്ഷ ഫോം ം൦൦.ാ ശിീൃശ്യേംലഹളമൃല.സലൃമഹമ.ഴീ.ശി എന്ന വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ അതാത് ജില്ലാ കളക്ടറേറ്റിൽ സ്വീകരിക്കുന്ന അവസാന തീയതി 2024 ജൂലൈ 31.

# ഉയർന്ന തിരമാലയ്ക്ക് സാധ്യത

കേരള തീരത്തും, തമിഴ്നാട് തീരത്തും നാളെ (ജൂലൈ 9) രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദേശം നൽകി. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകടമേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറിത്താമസിക്കണം. ബോട്ട്,വള്ളം മുതലായ മത്സ്യബന്ധനയാനങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കും. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായി ഒഴിവാക്കണമെന്നും ജാഗ്രതാ നിർദേശത്തിൽ പറയുന്നു.

# തിരുവനന്തപുരം എംപ്ലോയബിലിറ്റി സെന്ററിൽ അഭിമുഖം

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ ജൂലൈ 11ന് രാവിലെ 10 മണിക്ക് വിവിധ തസ്തികകളിലേക്ക് അഭിമുഖം നടക്കും. ടെക്നീഷ്യൻ ട്രെയിനി (സ്ത്രീകൾ/ പുരുഷന്മാർ) യോഗ്യത: പ്ലസ്ടു /ഐടിഐ ഇലക്ട്രോണിക്സ് / ഇലക്ട്രിക്കൽ, സെയിൽസ് ട്രെയിനി (സ്ത്രീകൾ/പുരുഷന്മാർ) യോഗ്യത: പ്ലസ്ടു /ഡിഗ്രി, റിലേഷൻഷിപ് ഓഫീസർ (സ്ത്രീകൾ/പുരുഷന്മാർ) യോഗ്യത: പ്ലസ്ടു /ഡിഗ്രി, മാനേജർ (സ്ത്രീകൾ/പുരുഷന്മാർ) യോഗ്യത: ഡിഗ്രി), അസിസ്റ്റന്റ് മാനേജർ (സ്ത്രീകൾ/പുരുഷന്മാർ) യോഗ്യത: പ്ലസ്ടു /ഡിഗ്രി, ഡെപ്യൂട്ടി മാനേജർ (സ്ത്രീകൾ/പുരുഷന്മാർ) യോഗ്യത: ഡിഗ്രി എന്നീ തസ്തികകളിലേക്കാണ് അഭിമുഖം. പ്രായപരിധി 35 വയസ്. പ്രവൃത്തി പരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കും എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്ത് അഭിമുഖത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2992609, 8921916220.

# ഭർത്താവിൻറെ മരണ വാർത്ത അറിഞ്ഞ യുവതി ജീവനൊടുക്കി

ലക്നോ: ഉത്തർപ്രദേശിൽ ഭർത്താവിൻറെ മരണവാർത്ത അറിഞ്ഞ യുവതി ജീവനൊടുക്കി. ഹരീഷ് ബാഗേഷ് (28), സഞ്ചിത ശരൺ (28) എന്നിവരാണ് മരിച്ചത്.

ഹരീഷ് വാരണാസിയിലെ ഹോട്ടൽ മുറിയിൽ തൂങ്ങി മരിക്കുകയായിരുന്നു. ഈ സംഭവമറിഞ്ഞ സഞ്ചിത വീടിൻറെ രണ്ടാം നിലയിൽ നിന്നും ചാടി ജീവനൊടുക്കി.

എംബിഎ ബിരുദധാരിയായ ഹരീഷും ഫാഷൻ ഫോട്ടോഗ്രാഫറായ സഞ്ചിതയും രണ്ട് വർഷം മുമ്പാണ് വിവാഹിതരായത്. പാറ്റ്നയിൽ സ്വദേശിയായിരുന്ന ഹരീഷിൻറെ മാതാപിതാക്കൾ വിവാഹത്തിന് സമ്മതിച്ചിരുന്നില്ല.

ആദ്യം മുംബൈയിൽ താമസിച്ച ഇരുവരും ഫെബ്രുവരിയിൽ സഞ്ചിതയുടെ കുടുംബക്കാർക്കൊപ്പം താമസിക്കാൻ ഗോരഖ്പൂരിലേക്ക് മാറി. വെള്ളിയാഴ്ച സഞ്ചിതയോട് താൻ പാറ്റ്നയിലേക്ക് പോവുകയാണെന്ന് ഹരീഷ് പറഞ്ഞു.

ഇതേതുടർന്ന് സഞ്ചിത ഇയാളെ റെയിൽവേ സ്റ്റേഷനിൽ വിട്ടു. ഞായറാഴ്ച രാവിലെയാണ് ഹരീഷിൻറെ മരണ വാർത്ത സഞ്ചിത അറിയുന്നത്. തുടർന്നാണ് ഇവർ ജീവനൊടുക്കുന്നത്. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.

# ഡിഫാം പാർട്ട് 2 (റഗുലർ) പരീക്ഷ സെപ്റ്റംബർ 4 മുതൽ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഡി.ഫാം പാർട്ട് 2 (റഗുലർ) പരീക്ഷ സംസ്ഥാനത്തെ വിവിധ ഫാർമസി കോളജുകളിൽ സെപ്റ്റംബർ 4 ന് ആരംഭിക്കും. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിന് നിശ്ചിത തുക ഫീസ് അടച്ച് പൂരിപ്പിച്ച അപേക്ഷകൾ ഈ മാസം 18നകം ബന്ധപ്പെട്ട കോളജുകളിൽ സമർപ്പിക്കണം. കോളജുകളിൽ നിന്നുള്ള അപേക്ഷകൾ 22നകം ചെയർമാൻ, ബോർഡ് ഓഫ് ഡി.ഫാം എക്സാമിനേഷൻസ്, തിരുവനന്തപുരം 11 എന്ന വിലാസത്തിൽ ലഭിക്കണം. വിശദ വിവരങ്ങൾക്ക്: www.dm-e.k-er-a-l-a.gov.in.

# ജില്ലാ മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

2023 മാർച്ചിൽ എസ്എസ്എൽസി/ ടിഎച്ച്എസ്എസ്എൽസി സംസ്ഥാന സിലബസിൽ പഠിച്ച് എല്ലാ വിഷയങ്ങളിലും എ പ്ലസ് ഗ്രേഡ് നേടി വിജയിച്ച എച്ച്.എസ്.സി/ ഐടിഐ/ വിഎച്ച്എസ്ഇ/ പോളിടെക്നിക് കോഴ്സുകളിൽ 2023 24 ൽ ഒന്നാം വർഷം പഠിച്ച വിദ്യാർഥികളിൽ നിന്നും ജില്ല മെറിറ്റ് സ്കോളർഷിപ്പിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. www.dcescholarship.kerala.gov.in ൽ ജില്ലാ മെറിറ്റ് അവാർഡ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. അവസാന തീയതി ജൂലൈ 15. കൂടുതൽ വിവരങ്ങൾക്ക്: 9447096580, 9447069005.

# റീജിയണൽ കാൻസർ സെന്ററിൽ ഡയറ്റീഷ്യൻ

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ഡയറ്റീഷ്യൻ അപ്രന്റീസ് ട്രെയിനിങ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 20 വൈകിട്ട് നാലു മണി. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനും (www.rcctvm.gov.in) വെബ്സൈറ്റ് സന്ദർശിക്കുക.

# ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കാം

സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധിയിൽ അംഗങ്ങളായവരിൽ 2022 മാർച്ച് മാസം മുതൽ തുടർന്നുള്ള മാസങ്ങളിൽ അംശാദായ അടവ് മുടങ്ങിയതിനാൽ അംഗത്വം റദ്ദായവർക്ക് 2024 ജൂലൈ 10 മുതൽ 2024 ഓഗസ്റ്റ് 10 വരെ പിഴ സഹിതം അംശാദായം ഒടുക്കി അംഗത്വം പുനഃസ്ഥാപിക്കാം. അദാലത്ത് വഴി അംഗത്വം പുതുക്കാനുള്ള അവസരം ഇതുവരെ വിനിയോഗിക്കാത്തവർക്ക് മാത്രമേ പുതുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ. ഓഫീസ് പ്രവർത്തിദിവസങ്ങളിൽ അംഗത്വ പാസ് ബുക്ക്, അംഗത്വം റദ്ദായ കാലയളവ് മുതൽ പ്രസ്തുത മാസം വരെ ടിക്കറ്റ് വിറ്റതിന്റെ കണക്ക് (ഒരു മാസം 25000 രൂപ എന്ന നിരക്ക്) രേഖപ്പെടുത്തിയ ടിക്കറ്റ് അക്കൗണ്ട് ബുക്ക്, അവസാന മൂന്ന് മാസത്തെ വൗച്ചർ എന്നിവ സഹിതം അംഗങ്ങൾക്ക് ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസിൽ നേരിട്ടെത്തി അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക്: 0471 2325582, 8330010855

# സ്പോട്ട് അഡ്മിഷൻ

202425 അധ്യയന വർഷത്തെ സെൻട്രൽ സീറ്റ് അലോട്ട്മെന്റ് ബോർഡ് (ഇടഅആചഋഡഠ 2023 ലക്ഷ്യ ദ്വീപ് ക്വാട്ട) സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് ആറിന് തിരുവനന്തപുരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നടത്താൻ തീരുമാനിച്ചു. രാവിലെ 11 മുതൽ 11.30 വരെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്യാം. ആവശ്യമായ രേഖകളും ജെഇഇ സ്കോർ കാർഡും ഫീസ് ഇനത്തിൽ 5000 രൂപയും കൊണ്ടുവരണം. വിശദവിവരങ്ങൾക്ക്: 0471 2561313, 9400006510

# കോഴിവളം വിൽപ്പനയ്ക്ക്

കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴിവളം കിലോയ്ക്ക് മൂന്ന് രൂപ നിരക്കിൽ കർഷകർക്ക് വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യക്കാർ ബുക്കിങ്ങിന് ബന്ധപ്പെടേണ്ട ഫോൺ : 04712730804.

# ലബോറട്ടറി ടെക്നോളജി പ്രോഗ്രാമിൽ അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ അഡ്വാൻസ്ഡ് ട്രെയിനിങ് ഇൻ ക്ലിനിക്കൽ ലബോറട്ടറി ടെക്നോളജി പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 20 ന് വൈകിട്ട് നാല് മണി. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനും: www.rcctvm.gov.in.

# നാഷണൽ ഡിസെബിലിറ്റി അവാർഡ് 2024

ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നാഷണൽ ഡിസെബിലിറ്റി അവാർഡ് 2024 ന് നോമിനേഷൻ നൽകാം. ഓരോ വിഭാഗത്തിലുമുള്ള നിർദ്ദിഷ്ട മാനദണ്ഡ പ്രകാരം ഓൺലൈനായാണ് നോമിനേഷൻ നൽകേണ്ടത്. അവാർഡിനുള്ള നോമിനേഷൻ ഓൺലൈൻ പോർട്ടൽ മുഖേന 31 നകം ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.aw-ar-d-s.gov.in.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# രജിസ്ട്രേഷൻ വകുപ്പിൽ ദുരൂഹ പണമിടപാടുകൾ എന്ന വാർത്ത വസ്തുതാവിരുദ്ധം

രജിസ്ട്രേഷൻ വകുപ്പിൽ ദുരൂഹ പണമിടപാടുകൾ എന്ന വാർത്ത വസ്തുതാവിരുദ്ധവും അടിസ്ഥാനരഹിതവുമാണെന്ന് രജിസ്ട്രേഷൻ ഐ. ജി അറിയിച്ചു.

രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് പോർട്ടൽ മുഖാന്തിരം ഇപേയ്മെന്റ് സൗകര്യമുപയോഗിച്ചോ ട്രഷറിയിൽ നേരിട്ടോ സേവനങ്ങളുമായി ബന്ധപ്പെട്ട തുക അടയ്ക്കാൻ സാധിക്കും. ഇതിന് പുറമെ സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഇപോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതു കൂടാതെ ഓഫീസിൽ നിന്നും നേരിട്ട് യു.പി.ഐ, ക്യൂ.ആർ കോഡ് സൗകര്യങ്ങൾ ഉപയോഗിച്ച് വകുപ്പിന്റെ പോർട്ടൽ വഴി തുക സ്വീകരിക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.

ആധാര രജിസ്ട്രേഷൻ ഇടപാടുകൾക്ക് ടോക്കൺ എടുക്കുന്ന വേളയിൽ ഇപേയ്മെന്റ് മുഖേന തുക ഒടുക്കിയാൽ മാത്രമെ ആധാരം രജിസ്ട്രേഷനായി സമർപ്പിക്കുവാൻ കഴിയുകയുള്ളു. ഇതു കൂടാതെ മുൻആധാരങ്ങൾ ഡിജിറ്റൈസ് ചെയ്ത എട്ട് ജില്ലകളിലെ ഭൂരിഭാഗം ആധാരങ്ങളുടെയും പകർപ്പുകൾ ഓൺലൈനായാണ് ലഭ്യമാക്കി വരുന്നത്. ഈ ഇടപാടുകൾക്കും ഇപേയ്മെന്റ് വഴിയാണ് തുക അടയ്ക്കുന്നത്. ഈയാവശ്യങ്ങൾക്കുള്ള തുക സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ട് പണമായി സ്വീകരിക്കുവാൻ കഴിയില്ല.

സബ് രജിസ്ട്രാർ ഓഫീസുകളിലെ ഫയലിംഗ് ഷീറ്റുകളുടെ വില, വാസസ്ഥല അപേക്ഷ ഫീസ്, ഡിജിറ്റൈസ് ചെയ്യാത്ത മുൻആധാരങ്ങളുടെ പകർപ്പ് ഫീസ്, ആധാരമെഴുത്ത് ലൈസൻസുമായി ബന്ധപ്പെട്ടുള്ള ഫീസ്, ജി.എസ്.റ്റി, ചിട്ടി ഫീസ് എന്നീ ചെറിയ തുക ഫീസായി വരുന്ന ഇനങ്ങൾ മാത്രമാണ് നേരിട്ട് പണമായി സ്വീകരിക്കാറുള്ളത്. ഇവയൊഴികെയുള്ള എല്ലാ ഇടപാടുകൾക്കും ഇപേയ്മെന്റ്, യു.പി.ഐ, ക്യൂ.ആർ കോഡ് സൗകര്യങ്ങൾ ഉപയോഗിച്ച് തുക അടയ്ക്കാനുള്ള സൗകര്യം നിലവിലുണ്ട്.

സംസ്ഥാനത്ത് ഇന്ന് (ജൂലൈ 9) പരിശോധിച്ചതിൽ നാമമാത്രമായ ഓഫീസുകളിലാണ് ഇപോസ് മെഷീനുകൾ തകരാറിലുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇങ്ങനെ തകരാറിലാകുന്ന സാഹചര്യത്തിൽ സർക്കാരിന് ഇപേയ്മെന്റ് സൗകര്യം ഒരുക്കുന്ന ബാങ്കുകളിലൊന്നായ ഫെഡറൽ ബാങ്ക് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അത് പരിഹരിക്കുകയും ചെയ്യുന്ന രീതിയാണ് തുടർന്നു വരുന്നത്. ഇപോസ് മെഷീനുകൾ തകരാറിലാകുന്ന സാഹചര്യത്തിൽ മേൽ വിവരിച്ച ചെറിയ തുക ഫീസായി ഒടുക്കേണ്ട ഇടപാടുകൾക്ക് നേരിട്ട് പണമായി സ്വീകരിക്കാറുമുണ്ട്. ഇപോസ് തകരാറിലാകുന്ന ഓഫീസുകളിൽ നേരിട്ട് പണം ഒടുക്കുന്നതിന് മുമ്പ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കിൽ അറിയിച്ചതിന് ശേഷം വകുപ്പിന്റെ വെബ് പോർട്ടലിൽ ഇതുമായി ബന്ധപ്പെട്ട സാങ്കേതിക സൗകര്യം ഒരുക്കിയാൽ മാത്രമെ നേരിട്ട് പണം സ്വീകരിക്കുവാനും കഴിയുകയുള്ളു. ഇക്കാര്യത്തിൽ സബ് രജിസ്ടാർമാർക്ക് ഏകപക്ഷീയമായ തീരുമാനം എടുക്കാൻ കഴിയില്ല. ഇതുകൂടാതെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സ്വീകരിക്കുന്ന പണം ദിവസങ്ങൾക്ക് ശേഷമാണ് ട്രഷറിയിൽ അടയ്ക്കുന്നതെന്നും തെറ്റായ വിവരമാണ്. സബ് രജിസ്ട്രാർ ഓഫീസുകളിൽ സ്വീകരിക്കുന്ന പണം തൊട്ടടുത്ത പ്രവൃത്തി ദിവസം ബന്ധപ്പെട്ട ട്രഷറിയിലോ ബാങ്കിലോ ഒടുക്കുന്നതിനായി കൃത്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരിശോധന അതാത് ജില്ലാ രജിസ്ട്രാർമാർ നടത്താറുണ്ട്. ഇപോസ് മെഷീനുകൾ സ്ഥാപിച്ചതിൽ ശ്രീമൂല നഗരം സബ് രജിസ്ട്രാർ ഓഫീസിൽ മൊബൈൽ സിഗ്നൽ ലഭിക്കാത്തതു കാരണം ഇ പോസ് പ്രവർത്തിപ്പിക്കാൻ കഴിയാറില്ല. വിമാനത്താവള പരിസരത്തായതിനാലാണിതെന്നും രജിസ്ട്രേഷൻ ഐ ജിയുടെ വിശദീകരണത്തിൽ വ്യക്തമാക്കി.

## വെറ്ററിനറി സർജൻ

തിരുവനന്തപുരം ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ വെറ്ററിനറി സർജൻ (മെഡിസിൻ) തസ്തികയിൽ ഈഴവ വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള താത്കാലിക ഒഴിവുണ്ട്. ഈഴവ വിഭാഗത്തിലെ ഉദ്യോഗാർഥികളുടെ അഭാവത്തിൽ സംവരണ ക്രമത്തിന്റെ അടിസ്ഥാനത്തിൽ മറ്റു വിഭാഗക്കാരെ പരിഗണിക്കും. വെറ്ററിനറി സയൻസ് (മെഡിസിൻ) ബിരുദാനന്തര ബിരുദമാണ് യോഗ്യത. ഉദ്യോഗാർഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി 17 നകം ബന്ധപ്പെട്ട പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ അടുത്തുള്ള ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ നേരിട്ട് ഹാജരാകണം. നിലവിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കണം.

# കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ അമാന്തം അരുത്: മുഖ്യമന്ത്രി പിണറായി വിജയൻ

കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ ഒരു അമാന്തവും ഉണ്ടാവരുതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരള നിയമസഭ മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡീസും സംസ്ഥാന പരിസ്ഥിതി വകുപ്പും യൂണിസെഫും സംയുക്തമായി നിയമസഭ സാമാജികർക്കായി സംഘടിപ്പിച്ച ഇന്ററാക്ടീവ് സെഷൻ ശങ്കരനാരായണൻ തമ്പി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിനും ജനങ്ങളുടെ ഉപജീവനം സംരക്ഷിച്ചുകൊണ്ടുള്ള വികസനത്തിനും ഊന്നൽ നൽകിക്കൊണ്ട് കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ നമുക്ക് കഴിയണം. ഇതിന് ഫലപ്രദമായി നേതൃത്വം നൽകേണ്ടവരാണ് ജനപ്രതിനിധികളെന്ന് മുഖ്യമന്ത്രി പറഞ്ഞു. പ്രളയവും പ്രളയസമാനമായ വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭങ്ങളും തുടർച്ചയായി സാധാരണ ജനജീവിതത്തെ ബാധിക്കുന്ന നാളുകളിലൂടെയാണ് നാം കടന്നുപോകുന്നത്. ഇവയൊന്നും ഒറ്റപ്പെട്ടതല്ല. കാലാവസ്ഥാവ്യാതിയാനത്തിന്റെ ആഘാതങ്ങളാണ്. വികസന സൂചികകളിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. നാളിതുവരെ നാം കൈവരിച്ച നേട്ടങ്ങളിൽ ഊന്നിനിന്നുകൊണ്ട് ഇനിയും നമുക്ക് മുന്നോട്ട് കുതിക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനവും അതിന്റെ ഫലമായുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും ഏൽപ്പിക്കുന്ന ആഘാതങ്ങൾ നമുക്ക് വിലങ്ങ് തടിയാവുന്ന സാഹചര്യം ഉണ്ടാകരുത്. എത്രനേരത്തേ പൂർണതോതിൽ പ്രതിരോധപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയുന്നോ അത്രയും നല്ലതെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. പരിസ്ഥിതി വകുപ്പ് തയ്യാറാക്കിയ കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതി അവതരിപ്പിക്കുക, കേരളം നേരിടുന്ന കാലാവസ്ഥാ സംബന്ധിയായ വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചകൾ ഉയർത്തിക്കൊണ്ടുവരുക, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്ന പ്രവർത്തനങ്ങൾക്ക് വേണ്ട സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുക, പ്രാദേശികമായ പദ്ധതികൾ രൂപീകരിച്ച് പ്രകൃതിസംരക്ഷണം നടത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് സാമാജികർക്കായി യൂണിസെഫുമായി ചേർന്ന് ഈ പരിപാടി സംഘടിപ്പിച്ചിരിക്കുന്നതെന്നും ഫലപ്രദമായ ചർച്ചകൾ നടക്കുകയും ക്രിയാത്മ നിർദേശങ്ങൾ ഉയർന്നുവരുകയും വേണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സ്പീക്കർ എ. എൻ. ഷംസീർ അധ്യക്ഷത വഹിച്ചു. പരിസ്ഥിതിപ്രശ്നങ്ങൾ സംബന്ധിച്ച 24 ചോദ്യങ്ങൾ ഈ മൂന്ന് വർഷത്തെ നിയമസഭ സമ്മേളനത്തിൽ ഉയർന്നതായും കേരള നിയമസഭ കാലാവസ്ഥാവ്യതിയാനത്തെ വളരെ ഗൗരവമായാണ് കാണുന്നതെന്നും അദ്ദേഹം പറഞ്ഞു.

പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ മുഖ്യപ്രഭാഷണം നടത്തി. പരിസ്ഥിതി സംബന്ധിച്ച സമിതി അധ്യക്ഷൻ ഇ. കെ. വിജയൻ എം. എൽ. എ., തമിഴ്നാടിനും കേരളത്തിനും വേണ്ടിയുള്ള യൂനിസെഫ് ഓഫീസ് സോഷ്യൽ പോളിസി ചീഫ് കെ. എൽ. റാവു എന്നിവർ ആശംസകൾ അർപ്പിച്ചു.

ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതവും നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണകുമാർ നന്ദിയും പറഞ്ഞു. മന്ത്രിമാർ, നിയമസഭാംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

### ബി.ടെക് ലാറ്ററൽ എൻട്രി പ്രവേശന പരീക്ഷാഫലം

സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ കോളജുകളിലേക്ക് 202425 അധ്യയന വർഷത്തെ ബി.ടെക് ലാറ്ററൽ എൻട്രി (റഗുലർ ആൻഡ് വർക്കിങ് പ്രൊഫഷണൽസ്) കോഴ്സിന്റെ പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 04712324396, 2560327, 2560363, 2560364.

## മീൻ വിലകുറച്ച് വിറ്റതിന് മർദനം; കേസെടുക്കുമെന്ന് പോലീസ്

കൽപ്പറ്റ: മീൻവിലകുറച്ചു വിൽപ്പന നടത്തിയെന്ന് ആരോപിച്ച് കച്ചവടക്കാരനെ ഒരു സംഘം ആളുകൾ മർദിച്ചെന്ന് പരാതി. വയനാട് മുട്ടിൽ ജംഗ്ഷനിൽ തിങ്കളാഴ്ച വൈകുന്നേരം ഏഴിനായിരുന്നു സംഭവം.

പെട്ടി ഓട്ടോറിക്ഷയിൽ മത്സ്യവിൽപ്പന നടത്തിയിരുന്ന ആളെ ഒരു സംഘം ആളുകൾ വളഞ്ഞിട്ട് മർദിക്കുകയായിരുന്നു. ഇതിൻറെ ദൃശ്യങ്ങൾ സാമൂഹ്യമാധ്യമങ്ങളിലുൾപ്പെടെ പ്രചരിച്ചിരുന്നു.

സംഭവത്തിൽ കേസെടുക്കുമെന്നും അന്വേഷണം ആരംഭിച്ചെന്നും പോലീസ് പറഞ്ഞു.

# അന്താരാഷ്ട്ര എഐ കോൺക്ലേവ് ഒക്ടോബർ 4 മുതൽ 6 വരെ തിരുവനന്തപുരത്ത്; ലോഗോ പ്രകാശനം ചെയ്തു

കേരളസർക്കാർ സ്ഥാപനമായഐ.എച്ച്.ആർ.ഡിയുടെ ആഭിമുഖ്യത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന രണ്ടാമത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അന്താരാഷ്ട്ര കോൺക്ലേവിന്റെ ലോഗോ നിയമസഭാ മീഡിയ ഹാളിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പ്രകാശനം ചെയ്തു. ഒക്ടോബർ നാല് മുതൽ ആറ് വരെ തിരുവനന്തപുരത്താണ് ജനറേറ്റീവ് എഐ ആന്റ് ദ ഫ്യൂച്ചർ ഓഫ് എജ്യുക്കേഷൻ, ജനറേറ്റീവ് എഐ ആൻഡ് ഹയർ എജ്യുക്കേഷൻ കോൺക്ലേവ് നടക്കുന്നത്.

വിദ്യാഭ്യാസ മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചെലുത്തുന്ന സ്വാധീനവും വെല്ലുവിളികളും ചർച്ച ചെയ്യേണ്ടതിന്റെ ആവശ്യകത മുൻനിർത്തിയാണ് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കോൺക്ലേവ് സംഘടിപ്പിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പരിവർത്തന ശക്തി പ്രയോജനപ്പെടുത്താനാണ് ഈ മേഖലയിലെ വിദഗ്ധർ, വിദ്യാഭ്യാസ വിചക്ഷണർ, നയരൂപകർത്താക്കൾ, ഭരണകർത്താക്കൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവരുന്ന കോൺക്ലേവ് സംഘടിപ്പിക്കുന്നത്. നിർമിത ബുദ്ധിയുടെ സാധ്യതകളും വിദ്യാഭ്യാസത്തിലെ അതിന്റെ പ്രയോഗവും പര്യവേക്ഷണം ചെയ്യുന്നതിൽ മുൻകൈയെടുക്കുന്നതിലൂടെ, അത്യാധുനിക സാങ്കേതികവിദ്യകളുടെയും അക്കാദമിക് മുന്നേറ്റങ്ങളുടെയും കേന്ദ്രമെന്ന നിലയിൽ കേരളത്തിന് സ്ഥാനം ഉറപ്പിക്കാൻ കഴിയുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

ക്ലാസ് മുറിയിൽ ജനറേറ്റീവ് എഐ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ അറിവും ഉപകരണങ്ങളും ഉപയോഗിച്ച് അധ്യാപകരെയും വിദ്യാർഥികളെയും സജ്ജരാക്കാൻ കോൺക്ലേവിന് കഴിയും. ഗവേഷണത്തിലും വികസനത്തിലും ജനറേറ്റീവ് എഐ യുടെ സാധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള വേദിയായും കോൺക്ലേവ് മാറും. വിദ്യാഭ്യാസ മേഖലയും, വ്യവസായ മേഖലയും, സർക്കാരും തമ്മിലുള്ള സഹകരണം പ്രോത്സാഹിപ്പിക്കുന്നതിലൂടെ സാമൂഹികസാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്ന പദ്ധതികൾക്ക് ഉത്തേജനം നൽകാനും കേരളത്തിന് കഴിയും. ഉന്നതവിദ്യാഭ്യാസത്തിൽ ജനറേറ്റീവ് എഐ ടൂളുകൾ സംയോജിപ്പിക്കുന്നത് നഗരഗ്രാമീണ സ്ഥാപനങ്ങൾ തമ്മിലുള്ള വിടവ് നികത്തി വിദൂര പ്രദേശങ്ങളിലെ വിദ്യാർഥികൾക്ക് ഗുണനിലവാരമുള്ള പഠന വിഭവങ്ങളിലേക്ക് പ്രവേശനം നൽകുമെന്നും മന്ത്രി പറഞ്ഞു.

ഇന്റർനാഷണൽ കോൺക്ലേവ് ഓൺ ജനറേറ്റീവ് എഐ ആൻഡ് ഫ്യൂച്ചർ ഓഫ് എജ്യുക്കേഷൻ എന്ന വിഷയത്തിലെ സംസ്ഥാനത്തെ പ്രഥമ കോൺക്ലേവ് കഴിഞ്ഞ സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 2 വരെയാണ് നടന്നത്. പത്രസമ്മേളനത്തിൽ ഐഎച്ച്ആർഡി ഡയറക്ടർ ഡോ. അരുൺ കുമാർ വി എ പങ്കെടുത്തു.

### പോളിടെക്നിക് ഡിപ്ലോമ: അവസാന അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ഗവൺമെന്റ് / ഗവൺമെന്റ് എയ്ഡഡ്/ ഐഎച്ച്ആർഡി/ കേപ്/എൽബിഎസ് സ്വാശ്രയ പോളിടെക്നിക് കോളേജുകളിലേക്കു ഡിപ്ലോമ പ്രവേശനത്തിനുള്ള രണ്ടാമത്തെ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതനുസരിച്ച് അഡ്മിഷൻ ലഭിച്ച എല്ലാവരും (നേരത്തെ ഫീസ് അടച്ചു അഡ്മിഷൻ എടുത്തവർ ഒഴികെ) അലോട്ട്മെന്റ് ലഭിച്ച സ്ഥാപനങ്ങളിൽ മുഴുവൻ ഫീസടച്ച് പ്രവേശനം നേടണം. രണ്ടാമത്തെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടുവാൻ ആഗ്രഹിക്കുന്നവർ 17ന് വൈകിട്ട് നാലുമണിയ്ക്ക് മുമ്പ് അഡ്മിഷൻ നേടണം.



ഐ.എച്ച്.ആർ.ഡിയുടെ ആഭിമുഖ്യത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന രണ്ടാമത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അന്താരാഷ്ട്ര കോൺക്ലേവിന്റെ ലോഗോ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പ്രകാശനം ചെയ്യുന്നു

